Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release

Ref: 785 /KCBC/K-6/KPR/DS 18.03.2021

# കേരള നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് കെസിബിസി നല്കുന്ന പ്രസ്താവന

കേരളത്തിലെ കത്തോലിക്കാസഭയ്ക്ക് എല്ലാ രാഷ്ട്രീയ പാർട്ടികളോടും മുന്നണികളോടും തുറന്ന സമീപനമാണ് ഉള്ളത്. പാർട്ടികളും മുന്നണികളും മുന്നോട്ടുവയ്ക്കുന്ന വികസന പദ്ധതികളും ജനനന്മയ്ക്കായിട്ടുള്ള കർമ്മപരിപാടികളും വിലയിരുത്തി അനുയോജ്യരായ നല്ല സ്ഥാനാർത്ഥികളെ തെരഞ്ഞെടുക്കാൻ സഭാംഗങ്ങളും സന്മനസ്സുള്ള എല്ലാവരും തയ്യാറാകണമെന്നതാണ് സഭയുടെ താത്പര്യം. കേരളത്തിന്റെ പൊതുനന്മ എന്ന മുഖ്യലക്ഷ്യം മുൻനിറുത്തി വോട്ടു രേഖപ്പെടുത്താൻ ഏവരും ശ്രദ്ധിക്കേണ്ടതാണ്. സമ്മതിദാനാവകാശം രേഖപ്പെടുത്തുകയെന്നത് പൗരന്മാരുടെ ഉത്തരവാദിത്വമാണ്. അത് നിർവഹിച്ചുകൊണ്ട് രാജ്യത്തിന്റെ ജനാധിപത്യ പ്രക്രിയയിൽ എല്ലാവരും ക്രിയാത്മകമായി സഹകരിക്കാൻ തയ്യാറാകണം.

പലകാര്യങ്ങളിലും ഭാരതത്തിലെ സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനം അലങ്കരിക്കുകയും മാതൃകയായിരിക്കുകയും ചെയ്യുന്നതുപോലെ ഭാരതത്തിലെ രാഷ്ട്രീയപ്രവർത്തനത്തിനുംകേരളജനത മാതൃകയാകേണ്ടതാണ്. സ്വതന്ത്രമായും രാജ്യനന്മയെ കരുതിയുള്ള ശരിയായ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലും സമ്മതിദായകർ വോട്ട് രേഖപ്പെടുത്തുന്നതാണ് പക്വതയാർന്ന രാഷ്ട്രീയ പ്രവർത്തനം. ഇടുങ്ങിയ സാമുദായിക-വർഗീയ-മത-പാർട്ടി ചിന്തകൾക്കതീതരായി പ്രവർത്തിക്കുന്ന ജനപ്രതിനിധികളെയാണ് കേരളത്തിന് ആവശ്യം. സമൂഹത്തിൽ ഏറ്റവുമധികം ദാരിദ്ര്യവും ക്ലേശവും അനുഭവിക്കുന്നവരുടെ അടിസ്ഥാനാവശ്യങ്ങൾക്ക് മുൻഗണന നല്കുന്ന നേതാക്കൾ മാത്രമേ, ഫ്രാൻസിസ് പാപ്പ തന്റെ ചാക്രിക ലേഖനമായ 'ഫ്രത്തെല്ലി തൂത്തി'യിൽ പറയുന്നതുപോലെ, 'ഉപവിയുടെ രാഷ്ട്രീയ'ക്കാരാകൂ.

ജനങ്ങൾ നിരന്തരം ഉന്നയിക്കുന്ന വിഷയങ്ങൾ ഗൗരവമായി കണ്ട് പരിഹാര പദ്ധതികൾ നടപ്പിലാക്കാൻ കഴിയുന്നവരെയാണ് ജനം തെരഞ്ഞെടുക്കേണ്ടത്. അത്തരം ചില വിഷയങ്ങൾ താഴെ ചേർക്കുന്നു.

1. മതസാംസ്കാരിക, സമുദായിക പാരമ്പര്യങ്ങൾ അനുസരിച്ച് സമാധാനപൂർവം മുന്നേറാൻ എല്ലാവർക്കും അവസരം സൃഷ്ടിക്കുക.
2. മതസൗഹാർദം നിലനിർത്താനുതകുന്ന തുറന്ന സമീപനങ്ങൾ സൃഷ്ടിക്കുക.
3. മതേതര മൂല്യങ്ങൾക്ക് ഒട്ടുംതന്നെ കുറവു വരാതിരിക്കാൻ ശ്രദ്ധിക്കുക.
4. ദളിത് ക്രൈസ്തവർക്ക് സംവരണംപോലുള്ള ന്യായമായ അവകാശങ്ങൾ ഉറപ്പുവരുത്തുക.
5. യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ കൂടുതലായി സൃഷ്ടിക്കുകയും നിയമനങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുകയും ചെയ്യുക.

PRESIDENT
His Beatitude
MAR GEORGE CARDINAL ALENCHERRY
Major Archbishop of Syro Malabar Church
Mount St. Thomas P.B.No. 3110, Kakkanad
Kochi 682 030
Ph: 0484-2424768, 2424780, 2425727
Fax: 0484-2422727
E-mail: bpalencherry@yahoo.co.in

VICE-PRESIDENT
His Excellency
RT. REV. DR. VARGHESE CHAKKALAKAL
Bishop of Calicut
Bishop's House, Malaparamba
Kozhikode 673 009.
Ph: 0495 2370313, 2370271
Fax: 0495 2377013
E-mail: calicut_diocese@yahoo.com

SECRETARY GENERAL
DR. JOSEPH MAR THOMAS
Bishop of Bathery,
Catholic Bishop's House
Bathery, Dharmapitam
Wayanad 673 592.
Ph: 04936 220207, Fax: 04936 221287
E-mail: bishopbty@gmail.com

DEPUTY SECRETARY GENERAL
FR. JACOB G. PALACKAPPILLY
P.O.C., P. B. No. 2251
Palarivattom, Kochi-682025
Ph: 0484-2805815, 2805722
Fax: 2806214
Email: jacobgpala@gmail.com

6. കർഷകർക്കും മത്സ്യതൊഴിലാളികൾക്കും നിർമ്മാണ തൊഴിലാളികൾക്കും ഇതരതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കും എന്നല്ല അതിഥി തൊഴിലാളികൾക്കും സംരക്ഷണവും ന്യായമായ വേതനം ലഭിക്കുന്ന വിധത്തിലുള്ള ക്രമീകരണങ്ങളും നടത്തുക.

7. മലയോരകർഷകരുടെ കൃഷിക്കും സ്വത്തിനും സംരക്ഷണം നൽകുക

8. കൃഷിഭൂമികളും ജനവാസകേന്ദ്രങ്ങളും ഒഴിവാക്കിക്കൊണ്ടുള്ള പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുക.

9. കടൽത്തീരസംരക്ഷണത്തിനുവേണ്ടിയുള്ള ഭിത്തി നിർമ്മാണം നടപ്പിലാക്കുക

10. സ്വകാര്യ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ മാനേജുമെന്റുകൾക്ക് നീതിയുക്തമായ പ്രവർത്തന സ്വാതന്ത്ര്യം ലഭ്യമാക്കുക

11. മുന്നോക്ക സമുദായങ്ങളിൽ നിന്നുള്ളവർക്ക് ഏർപ്പെടുത്തിയ സംവരണം നടപ്പിലാക്കുമ്പോൾ പിന്നോക്ക സമുദായങ്ങളുടെ സംവരണത്തിനു കുറവു വരുത്താത്തവിധം ക്രമീകരണങ്ങൾ നടപ്പിലാക്കുക.

12. കോഴയും അഴിമതിയും സ്വജനപക്ഷപാതവും ഒഴിവാക്കി സത്ഭരണം സാധ്യമാക്കുക.

അനേക കാലങ്ങളായി ക്രൈസ്തവസമൂഹത്തിന് ന്യായമായ ന്യൂനപക്ഷാവകാശങ്ങൾ നിഷേധിക്കപ്പെടുകയായിരുന്നു. ഇക്കാര്യങ്ങൾ രാഷ്ട്രീയനേതൃത്വങ്ങളുടെ ശ്രദ്ധയിലേക്ക് ഇതിനകം പലവട്ടം കൊണ്ടുവന്നിട്ടുള്ളതാണ്. ക്രൈസ്തവരുടെ ന്യായമായ ആവശ്യങ്ങൾ അംഗീകരിക്കുകയും പിന്നോക്കക്കാരുടെയും പാർശ്വവത്ക്കരിക്കപ്പെട്ടവരുടെയും ആവശ്യങ്ങളെ മാനിക്കുകയും ചെയ്യുന്നവർക്ക് പിന്തുണ നല്കി അവരെ പൊതുസമൂഹത്തിൽ ഭരണാധികാരികളായി പ്രതിഷ്ഠിക്കുവാൻ ക്രൈസ്തവർ പരിശ്രമിക്കുമെന്നതിൽ സംശയമില്ല. ഇന്നത്തെ സാഹചര്യത്തിൽ ക്രൈസ്തവരെയും ഇതര മതവിശ്വാസികളെയും സമുദായങ്ങളെയും സഹകരിപ്പിക്കുകയും സമന്വയിപ്പിക്കുകയും ചെയ്തുകൊണ്ട് നാടിന്റെ നന്മയ്ക്ക് ഉതകുന്ന പ്രവർത്തനം കാഴ്ചവയ്ക്കുമെന്ന് ഉറപ്പുള്ളവർക്കാണ് സന്മനസ്സുള്ള എല്ലാവരും തങ്ങളുടെ സമ്മതിദാനം നിർവഹിക്കേണ്ടത്.

**കാർഡിനൽ ജോർജ് ആലഞ്ചേരി**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. ജോസഫ് മാർ തോമസ്**
സെക്രട്ടറി ജനറൽ, കെസിബിസി